"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്തുവകുപ്പ്- കോട്ടയം ജില്ലയിലെ വൈക്കം ജുഡീഷ്യൽ ക്വാർട്ടേഴ്സിന്റെ നിർമ്മാണത്തിന് സ്ഥലമേറ്റെടുപ്പ്- LAR 212/03, LAR 213/03-വിധി തുക- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**പൊതുമരാമത്ത് (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.446/2026/PWD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-
1. 17.03.2021 ലെ സ.ഉ സാധാ നം 405/221/പൊ .മ .വ
2. കെട്ടിട വിഭാഗം ചീഫ് എൻജിനീയറുടെ 05.07.2022-ലെ എഫ് ബി 9/8760/2019 നമ്പർ കത്ത്.
3. കെട്ടിട വിഭാഗം ചീഫ് എൻജിനീയറുടെ 07.02.2025-ലെ എഫ് ബി 5/8760/2019 നമ്പർ കത്ത് .
4. 23.12.2025-ലെ സ.ഉ സാധാ നം 1917/2025/പൊ .മ .വ

**ഉത്തരവ്**

കോട്ടയം ജില്ലയിലെ വൈക്കം ജുഡീഷ്യൽ ക്വാർട്ടേഴ്സിന്റെ നിർമ്മാണത്തിന് സ്ഥലമേറ്റെടുത്തതുമായി ബന്ധപ്പെട്ട് കോട്ടയം സബ് കോടതിയിലെ LAR 212/03, 213/03 എന്നീ LAR കേസുകൾക്ക് വിധിതുക നൽകുന്നതിനായി അധികമായി ആവശ്യമുള്ള തുകയായ 16,87,445/- രൂപ കൂടി ഉൾപ്പെടുത്തി 41,87,445/- (നാൽപ്പത്തി ഒന്ന് ലക്ഷത്തി എൺപത്തി ഏഴായിരത്തി നാനൂറ്റി നാൽപത്തി അഞ്ച്) രൂപയുടെ പുതുക്കിയ ഭരണാനുമതി 4216-01106-98-02-16-plan charged എന്ന ശീർഷകത്തിൽ അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നുവെന്നും , ടി തുക കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് BAMS മുഖാന്തിരം ഫണ്ട് ട്രാൻസ്ഫർ ചെയ്യുകയും ടി തുക പാലാ എൽ.എ (ജനറൽ) Special തഹസിൽദാർക്ക് കൈമാറിയിട്ടുണ്ടെന്നും കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം സർക്കാരിനെ അറിയിക്കുകയുണ്ടായി .

**(2)** 30/06/2020 മുതൽ 31/12/2022 വരെ LAR 212/03, LAR 213/03 എന്നീ കേസുകൾക്ക് നൽകാനുള്ള പലിശത്തുക കേസുകളുടെ കോടതി വിധി, നിയമോപദേശം, ഡിക്രി,

കണക്കുവിവരപ്പട്ടിക എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആകെ 2,97,722/- രൂപ കൂടി ആവശ്യമുണ്ടെന്ന് കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും , ആയതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ വൈക്കം ജുഡീഷ്യൽ സ്റ്റാഫ് ക്വാർട്ടേ്സമായി ബന്ധപ്പെട്ട് കോട്ടയം സബ്കോടതിയിലെ LAR 212/03, LAR 213/03 എന്നീ കേസുകളുടെ പലിശ തുക നൽകുന്നതിനായി 41,87,445/- രൂപയും (നാൽപത്തി ഒന്ന് ലക്ഷത്തിഎൺപത്തി ഏഴായിരത്തി നാനൂറ്റി നാൽപ്പത്തി അഞ്ച്) രൂപയും കൂടി ചേർത്ത് ആകെ 44,85,167/- (41,87,445/- + 2,97,722/-) രൂപയുടെ പുതുക്കിയ ഭരണാനുമതി 4216-01-106-98-02-16-Plan Charged എന്ന ശീർഷകത്തിൽ അനുവദിക്കണമെന്നും കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിനോട് അഭ്യർഥിക്കുകയുണ്ടായി .ഇതിനുപുറമെ , ടി പ്രവൃത്തിയുടെ ശീർഷകമായ 4216-01-106-98-02-16 Plan Charged ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമില്ലാത്തതിനാൽ LAR കേസുകൾക്ക് വേണ്ടി അനുവദിച്ച ശീർഷകമായ 4216-01-106-98-02-16 Plan Charged എന്ന ശീർഷകത്തിൽ പുതുക്കിയ ഭരണാനുമതി നൽകി 2,97,722/- രൂപ അനുവദിച്ച് നൽകണമെന്നും ചീഫ് എഞ്ചിനീയർ അപേക്ഷിച്ചിരുന്നു.

തുടർന്ന് പരാമർശം (4) പ്രകാരം കോട്ടയം ജില്ലയിലെ വൈക്കം ജുഡീഷ്യൽ സ്റ്റാഫ് ക്വാർട്ടേഴ്സമായി ബന്ധപ്പെട്ട് കോട്ടയം സബ്കോടതിയിലെ LAR 212/03, LAR 213/03 എന്നീ കേസുകളുടെ വിധി തുക നൽകുന്നതിനായി 2,97,722/- രൂപ കൂടി ഉൾപ്പെടുത്തി ആകെ 44,85,167/- (41,87,445/- + 2,97,722/-) രൂപ 4216-01-106-98-02-16-Plan Charged എന്ന ശീർഷകത്തിൽ നൽകി പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. .

**(3)** LAR 212/03, LAR 213/03 എന്നീ കേസുകളുടെ 31/03/2025 വരെയുള്ള ബാക്കി വിധി തുക യഥാക്രമം 1,61,421/-, 2,28,728/- ഉൾപെടെ 3,90,149/- രൂപ കൂടി ആവശ്യമുണ്ടെന്നും ആയതിനാൽ കോട്ടയം ജില്ലയിലെ വൈക്കം ജുഡീഷ്യൽ സ്റ്റാഫ് ക്വാർട്ടേ്സമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ശീർഷകമായ 4216-01-106-98-02-16-Plan Charged എന്ന ശീർഷകത്തിൽ 45,77,594/- (41,87,445/-+3,90,149/-) രൂപയുടെ പുതുക്കിയ ഭരണാനുമതിയോടൊപ്പം ശേഷിക്കുന്ന 3,90,149/- രൂപയുടെ അധിക ധനാനുമതി അനുവദിച്ച് നൽകണമെന്നും കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം(3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി

**(4)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . പരാമർശം-(4)ലെ ഉത്തരവ് പ്രകാരം LAR 212/03, LAR 213/03 എന്നീ കേസുകൾക്ക് ആവശ്യമായ വിധിതുക നൽകുന്നതിനായി 4485157( 4187445+ 297722/-)രൂപയുടെ ഭരണാനുമതി നൽകി

ഉത്തരവായിരുന്നു. ആയതിനാൽ 92427/- ( Ninety two thousand four hundred and twenty seven) രൂപയാണ് കെട്ടിടവിഭാഗം ചീഫ് എൻജിനീയറുടെ പ്രൊപ്പോസൽ പ്രകാരം 31.03.2025 വരെയുള്ള ബാക്കി വിധി തുക. മേൽ സാഹചര്യത്ത്ിൽ , പരാമർശം(1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം LAR 212/03, LAR 213/03 എന്നീ കേസുകളുടെ 31.03.2025 വരെയുള്ള ബാക്കി വിധി തുക യായ 92427/-( തൊണ്ണൂറ്റി രണ്ടായിരത്തിനാനൂറ്റീ ഇരുപത്തിഏഴ് ) രൂപ യുടെ ഭരണാനുമതി 4216-01-106-98-02-16-Plan Charged എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ജില്ലാകളക്ടർ, കോട്ടയം
ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം ), പൊതുമരാമത്ത് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) / ആഡിറ്റ്),കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ),കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
(07.03.2026- ലെ 2160586/I&PW-B2/195/2022-FIN നമ്പർ റിമാർക്സ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sudha B സെക്ഷൻ ഓഫീസർ
Date: 15-03-2026 13:52:36